നമ്പർ. എം. പി.(8)13116/09

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 23.4.2009.

# സർക്കുലർ നമ്പർ 15/2009

വിഷയം: കൊപ്രാ സംഭരണം 2009 – നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന: 1) ജി.ഒ(എം.എസ്)നമ്പർ 66/2009 /AD, തീയതി, 28.3.2009.
2) ജി.ഒ(എം.എസ്) നമ്പർ 78/2009/AD, തീയതി, 17.4.2009.

2009 വർഷത്തിൽ കൊപ്രാ സംഭരണം നടത്തുന്നതിനായി സംസ്ഥാനത്ത് " കേരഫെഡിനെ" നോഡൽ ഏജൻസിയായും സംഭരണം ആരംഭിക്കുന്നതിന്റെ ഭാഗമായി സംഘങ്ങളെ തെരഞ്ഞെടുത്തുകൊണ്ടും യഥാക്രമം സൂചന 1 ഉം 2 ഉം പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2009 ലെ കൊപ്രാ സംഭരണം നടത്തുന്നതിന് 22.3.2007 ലെ ജി.ഒ(എം.എസ്) നമ്പർ 40/07/എ.ഡി, 2.4.2007 ലെ ജി ഒ(എം.എസ്) 48/07/എ.ഡി എന്നീ ഗവൺമെന്റ് ഉത്തരവുകളിലെ മാനദണ്ഡങ്ങളും, പാലിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2009 ലെ കൊപ്രാ സംഭരണം, തിരഞ്ഞെടുത്ത സഹകരണ സംഘങ്ങൾ മുഖേന കർഷകരിൽ നിന്ന് അവരുടെ നാളികേരം പരമാവധി, പരാതികൾക്കിടയില്ലാത്തവിധം സംഭരിക്കുന്നതിന് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. യൂണിറ്റ് ഇൻസ്പെക്ടർമാർ അവരുടെ യൂണിറ്റിൽ വരുന്ന സഹകരണസ്ഥാപനങ്ങൾ കൊപ്രാ സംഭരണം പരാതികൾക്കിടയില്ലാത്തവിധം സംഭരിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതും യഥാർത്ഥ നാളികേര കർഷകരിൽ നിന്ന് തന്നെയാണ് സംഘം സംഭരണം നടത്തുന്നതെന്ന് ഉറപ്പുവരുത്തേണ്ടതും സംഭരിക്കുന്ന കൊപ്രയുടെ ഗുണമേൻമയും സ്റ്റോക്കും ഇടയ്ക്കിടെ പരിശോധിക്കേണ്ടതുമാണ്. കൊപ്രാ സംഭരണത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് ഉടൻതന്നെ ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ/ ജോയിന്റ് രജിസ്ട്രാർമാരുടെ ശ്രദ്ധയിൽ രേഖാമൂലം കൊണ്ടുവരേണ്ടതാണ്.

കൊപ്രാ സംഭരണത്തിന്റെ പുരോഗതി യഥാസമയം വിലയിരുത്തേണ്ടതും, ഓരോ ആഴ്ചയിലേയും സംഭരണത്തെ സംബന്ധിച്ച പുരോഗതി റിപ്പോർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന പ്രൊഫോർമയിൽ അടുത്ത ചൊവ്വാഴ്ചയ്ക്കകം സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. കൊപ്രാ സംഭരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർ ആഫീസിലെ അസിസ്റ്റന്റ് രജിസ്ട്രാർ (പ്ലാനിംഗ്)നെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുന്നു.

കൊപ്രാ സംഭരണവുമായി ബന്ധപ്പെട്ട സംശയനിവാരണങ്ങൾ, മറ്റ് കാര്യങ്ങൾ എന്നിവയ്ക്കായി സഹകരണ സംഘം രജിസ്ട്രാറുടെ ആഫീസിലെ മാർക്കറ്റിംഗ് വിഭാഗം ജോയിന്റ് രജിസ്ട്രാറെയോ കേരഫെഡിന്റെ കേന്ദ്ര ഓഫീസുമായോ ചുവടെ പരാമർശിക്കുന്ന ടെലിഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. സംസ്ഥാനത്തിലെ കേര കർഷകർക്ക് ആശ്വാസകരമായ ഒരു സരംഭമെന്ന നിലയിൽ, സഹകരണ സംഘങ്ങൾ മുഖേന നടത്തുന്ന സംഭരണത്തിൽ വകുപ്പ് ഉദ്യോഗസ്ഥൻമാർ ശ്രദ്ധ പുലർത്തേണ്ടതും, പരാതികൾക്കിടയില്ലാതെ സമയബന്ധിതമായി സംഭരണം നടത്തുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാരുടെയും ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരുടെയും അടിയന്തിര ശ്രദ്ധ അത്യന്താപേക്ഷിതമാണ്.

ടെലിഫോൺ നമ്പർ : ജോയിന്റ് രജിസ്ട്രാർ (മാർക്കറ്റിംഗ്) – 0471 –2330726

എക്സ്റ്റൻഷൻ: 209

കേരഫെഡ്. – 0471–2326736.

ഒപ്പ്,

**കെ.വി. സുരേഷ്ബാബു.**
**സഹകരണ സംഘം രജിസ്ട്രാറുടെ ചുമതല**
**വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)**

1. എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും (ജനറൽ ആന്റ് ആഡിറ്റ്).
2. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും (ജനറൽ ആന്റ് ആഡിറ്റ്).
3. മാനേജിംഗ് ഡയറക്ടർ, കേരഫെഡ്, അരിസ്റ്റോ ജംഗ്ഷൻ, തിരുവനന്തപുരം.
4. എഡിറ്റർ, സഹകരണ വീഥി.
5. എഡിറ്റർ, സഹകരണ ജേർണൽ.
6. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
7. ഈ ആഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർ, ജോയിന്റ് രജിസ്ട്രാർമാർ, ഡെപ്യൂട്ടി രജിസ്ട്രാർമാർ എന്നിവരുടെ മേശപ്പുറത്ത്.
8. എല്ലാ സെക്ഷൻ തലവൻമാർക്കും.
9. സ്റ്റോക്ക് ഫയൽ.

ആജ്ഞാനുസരണം,

**അസിസ്റ്റന്റ് രജിസ്ട്രാർ (എം.പി. സെക്ഷൻ).**

Weakly Statement Pertaining to the Procurement of Copra Under Price Stabilisation Scheme – 2009-10 as on ..............

Quantity in Quintal.
Amount in lakhs.

| Sl.No. | Name of Society | Opening Balance | | Copra procured during the week | | Total Copra Procured | | | Copra transfered to Kerafed as on | | Amount Received | | Balance to be received | | Remarks. |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | Qty | Value | Qty | Value | No of Farmers | Qty | Value | Qty | Value | Qty | Value | Qty | Value | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |

Place.......
Date........

Assistant Registrar (planning)
Nodal officer

Countersigned
Joint Registrar (General)
..............................................